ഹദീസ്

കെ.സി ജലീൽ പുളിക്കൽ

# ആ പുണ്യ മാസമിതാ....

عَنْ سَلْمَانَ الفارسي رَضِيَ اللَّهُ عَنْهُ ، قَالَ : خَطَبَنَا رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ فِي آخِرِ يَوْمٍ مِنْ شَعْبَانَ، فَقَالَ : أَيُّهَا النَّاسُ ، إِنَّهُ قَدْ أَظَلَّكُمْ شَهْرٌ عَظِيمٌ، شَهْرٌ مُبَارَكٌ، فِيهِ لَيْلَةٌ خَيْرٌ مِنْ أَلْفِ شَهْرٍ جَعَلَ اللَّهُ صِيَامَهُ فَرِيضَةً ، وَقِيَامَ لَيْلِهِ تَطَوُّعًا ، مَنْ تَقَرَّبَ فِيهِ بِخَصْلَةٍ مِنَ الْخَيْرِ كَانَ كَمَنْ أَدَّى فَرِيضَةً فِيمَا سِوَاهُ ، وَمَنْ أَدَّى فِيهِ فَرِيضَةً كَانَ كَمَنْ أَدَّى سَبْعِينَ فَرِيضَةً فِيمَا سِوَاهُ ، وَهُوَ شَهْرُ الصَّبْرِ ، وَالصَّبْرُ ثَوَابُهُ الْجَنَّةُ ، وَشَهْرُ الْمُوَاسَاةِ (مشكاة المصابيح)

**സൽമാനുൽ ഫാരിസി(റ)യിൽനിന്ന് നിവേദനം. ശഅ്ബാൻ മാസത്തിന്റെ അവസാന ദിവസം ഞങ്ങളെ അഭിമുഖീകരിച്ച് നബി(സ) പറഞ്ഞു: ജനങ്ങളേ, ഏറെ മഹത്വമുള്ള അനുഗൃഹീതമായ ഒരു മാസമിതാ നിങ്ങൾക്കു മീതെ തണൽ വിരിച്ചിരിക്കുന്നു. ആയിരം മാസത്തേക്കാൾ ഉത്തമമായ ഒരു രാത്രിയുണ്ടതിൽ. ഈ മാസം വ്രതാനുഷ്ഠാനം അല്ലാഹു നിർബന്ധമാക്കിയിരിക്കുന്നു. അതിലെ രാത്രി നമസ്കാരം ഐഛികവുമാക്കിയിരിക്കുന്നു. ദൈവസാമീപ്യം ആഗ്രഹിച്ച് വല്ലവനും ഈ മാസത്തിൽ ഒരു നല്ല കാര്യം ചെയ്താൽ, മറ്റു മാസങ്ങളിൽ ഒരു നിർബന്ധ കാര്യം ചെയ്തതിനു തുല്യമാണ്. ഈ മാസത്തിൽ ഒരു നിർബന്ധ കാര്യം (ഫർള്) നിർവഹിച്ചാൽ മറ്റു മാസങ്ങളിൽ എഴുപത് ഫർള് നിർവഹിച്ചതിന് സമമാണ്. ഇത് സഹനത്തിന്റെ മാസമാണ്. സഹനത്തിന് പ്രതിഫലം സ്വർഗമത്രെ. സഹാനുഭൂതിയുടെ മാസവുമാണിത്.**

'അല്ലാഹുവേ, റജബ്, ശഅ്ബാൻ മാസങ്ങളിൽ ഞങ്ങളെ നീ അനുഗ്രഹിച്ചാലും, റമദാനിലേക്കൊന്നെത്തിച്ചുതന്നാലും' (നബിവചനം) എന്ന് പ്രതീക്ഷയോടെ, പ്രാർഥനയോടെ കാത്തിരുന്ന ആ പുണ്യമാസമിതാ വന്നണയുന്നു. റമദാൻ സമാഗതമാവുന്നത് എന്തുമാത്രം ആനന്ദദായകവും സന്തോഷഭരിതവുമാണ്, പ്രവാചകന്നും വിശ്വാസികൾക്കും ക്ഷേമതൽപരരായ എല്ലാ മനുഷ്യർക്കും! മനുഷ്യകുലത്തിനാകമാനം മാർഗദർശനമായി ഖുർആൻ അവതരിക്കാനാരംഭിച്ച മാസമാണല്ലോ റമദാൻ.

കട്ടപിടിച്ച കൂരിരുളിൽ വിനാശഗർത്തത്തിലേക്ക് കൂപ്പുകുത്തുന്ന മനുഷ്യസഞ്ചയത്തെ തടുത്തു നിർത്തി, സമത്വത്തിലും നീതിയിലുമധിഷ്ഠിതമായ, സമാധാനത്തിന്റെയും ക്ഷേമൈശ്വര്യങ്ങളുടെയും പുതുയുഗത്തിന് പിറവി നൽകി, അജ്ഞതാന്ധകാരത്തിൽനിന്ന് ലോകത്തെ മോചിപ്പിച്ചെടുത്ത്, വൈജ്ഞാനിക മുന്നേറ്റത്തിന് വഴിയൊരുക്കി ലോകത്തിന്റെ ഗതി തന്നെ മാറ്റിമറിച്ച വിശുദ്ധ ഖുർആൻ അവതരിച്ചതിന്റെ ഓർമപുതുക്കലിലേക്ക് നാം തിരിച്ചെത്തുകയാണ്. അനീതിയും അക്രമവും അരാജകത്വവും അസ്വസ്ഥതയും നിറഞ്ഞ ഇന്നത്തെ അവസ്ഥയിൽനിന്ന് ലോകത്തെ മോചിപ്പിക്കാൻ കെൽപുറ്റ ഏക മാർഗം വിശുദ്ധ ഖുർആനിന്റെ വീണ്ടെടുപ്പ് മാത്രമാണ്.

വിശുദ്ധ ഖുർആനിന്റെ പ്രയോഗവത്കരണത്തിനാവശ്യമായ പരിശീലനത്തിനുള്ള എല്ലാ സജ്ജീകരണങ്ങളുമായാണ് വിശുദ്ധ മാസം എത്തിയിരിക്കുന്നത്. അതിങ്ങ് 'ലാന്റ്' ചെയ്താൽ മാലാഖമാർ പുറത്തേക്കു വന്ന് വിളിച്ചു പറയും: 'നന്മ പ്രതീക്ഷിച്ചിരിക്കുന്നവർ മുന്നോട്ടുവരൂ, തിന്മയെ കാത്തിരിക്കുന്നവർ പിറകിലേക്ക് മാറൂ.' മനുഷ്യരെ നന്മയിലേക്ക് നയിക്കാൻ ആവശ്യമായ എല്ലാ പരിശീലനങ്ങളും ഈ മാസത്തിൽ നൽകുകയാണ്. അൽപം പ്രയാസമുള്ളതാണ് സ്വാഭാവികമായും ഈ പരിശീലനം. എന്നാൽ അതിനുള്ള പ്രതിഫലം കേട്ടാൽ നിങ്ങളുടെ പ്രയാസങ്ങളൊക്കെ പമ്പ കടക്കും. ഏത് നിസ്സാര കാര്യത്തിനും എഴുപതിരട്ടി. അതിൽതന്നെ ഒരു രാത്രി ആയിരം മാസത്തേക്കാൾ ഉത്തമം.

നരകത്തിൽനിന്ന് മോചനം, പാപമുക്തി, സ്വർഗത്തിൽ ഉന്നതമായ റയ്യാൻ... നിങ്ങൾ ചെയ്യേണ്ടത് ഇത്രമാത്രം. ഈ മാസം പകൽ മുഴുവൻ നോമ്പ് അനുഷ്ഠിക്കണം. ഖുർആൻ പഠനമാണ് പരമപ്രധാനം. വ്യക്തിതല പഠനങ്ങൾക്കു പുറമെ പള്ളികളിൽ ഒത്തുചേർന്ന് ചർച്ച ചെയ്ത് പഠിക്കണം. കിട്ടുന്നത്ര സമയം ഉപയോഗിച്ച് ഖുർആൻ ആശയം ഗ്രഹിച്ച് ചിന്തിച്ച് പാരായണം ചെയ്യണം. രാത്രി നമസ്കാരം സൗകര്യവും ആരോഗ്യവും പരിഗണിച്ച് കഴിയുന്നത്ര നിർവഹിക്കണം. നമസ്കാരത്തിൽ ചിന്തിച്ച് സാവകാശം പാരായണം ചെയ്യുകയോ ഇമാമിന്റെ പാരായണം ശ്രദ്ധിച്ച് കേൾക്കുകയോ വേണം. മനസ്സറിഞ്ഞ് പ്രാർഥനയിലും പാപമോചനാർഥനയിലും മുഴുകണം. പരമാവധി ദാനവും ജനസേവനവും നടത്തണം.

മാസം അവസാനത്തോടടുക്കുമ്പോൾ ലൈലത്തുൽ ഖദ്ർ ആഗതമാവും. അപ്പോൾ കൂടുതൽ ഭക്തിസാന്ദ്രവും പഠന-പാരായണനിർഭരവും ദാനധർമങ്ങൾ വഴിഞ്ഞൊഴുകുന്നതുമാകണം നിങ്ങളുടെ ദിനരാത്രങ്ങൾ. അങ്ങനെ മാസാവസാനത്തോടെ ഖുർആൻ പരമാവധി പഠിച്ച് ഉൾക്കൊണ്ട് ഏതു പ്രതിസന്ധിയും നേരിട്ട് ഖുർആന്റെ പാതയിൽ മുന്നോട്ടു നീങ്ങാൻ കരുത്തും ക്ഷമയും സഹനവും പരക്ഷേമതൽപരതയും ആർജിച്ച വ്യക്തിയായി വിശ്വാസി മാറണം. ●